"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം കോർപ്പറേഷൻ - 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.15.3 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ(ആർ.ടി) നം. 1765/13/തസ്വഭവ    തിരുവനന്തപുരം,തീയതി: 03/07/2013

പരാമർശം:- 1) 25/04/2013-ലെ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ C8/J1/130702/12-ാം നമ്പർ കത്ത്.

2) 10/06/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-9264/ML1/13-ാം നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം നഗരസഭയുടെ 2008-09 വർഷത്തെ ആഡിറ്റ് റിപ്പാർട്ട് ഖണ്ഡിക 3.15.3 പ്രകാരം നഗരസഭയുടെ 2008-09 വർഷത്തെ പദ്ധതിയിൽ സമഗ്രകരകൃഷി വികസനം എന്ന പദ്ധതിക്ക് 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിയിലെ 14 കോംപണന്റുകളിൽ ഒന്നായിരുന്നു 4,37,500/- രൂപ വകയിരുത്തിയ രോഗബാധിതവും ഉൽപ്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുക എന്നത്. എന്നാൽ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് 7,65,000/- രൂപ നഗരസഭ ഇക്കാര്യത്തിനായി അധികം ചെലവഴിച്ചതിനാൽ ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു.

സമഗ്ര കരകൃഷി പദ്ധതിയുടെ നിർവ്വഹണ സമയം അവസാനിക്കാറായപ്പോൾ ചില ഇനങ്ങളിൽ ആവശ്യമായ അപേക്ഷകരുടെ കുറവു കാരണം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയിൽ പദ്ധതി വിഹിതം അപര്യാപ്തമായിരുന്ന ഇനങ്ങൾക്കായി വിനിയോഗിക്കാൻ 17/01/2009- ലെ 3(ബി) 1-ാം നമ്പർ കൗൺസിൽ

തീരുമാന പ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അധിക തുക ചെലവഴിച്ചതെന്നും ആയതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന് 25/03/2013-ലെ 3(B) 4-ാം നമ്പർ കൗൺസിൽ തീരുമാനത്തോടെ പരാമർശം ഒന്ന് പ്രകാരം നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച പരാമർശം രണ്ടിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പാർട്ടിൽ നഗരസഭ പ്രദേശത്തെ എല്ലാ രോഗബാധിത തെങ്ങുകളും മുറിച്ച് മാറ്റേണ്ടത് അനിവാര്യമായതിനാലും ഇതിനു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതിനാലും പദ്ധതി വ്യതിയാനത്തിന് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയുടെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.15.3 പ്രകാരം തടസ്സപ്പെടുത്തിയ തെങ്ങ് വെട്ടി മാറ്റലിനായി അംഗീകൃത പദ്ധതി വിഹിതത്തിനുപരിയായി 7,65,000/- രൂപ (ഏഴ് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) കൗൺസിൽ തീരുമാന പ്രകാരം ചെലവഴിച്ച നഗരസഭയുടെ നടപടിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെയടിസ്ഥാനത്തിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ